ഉത്തരം

(എ) ഇല്ല. എന്നാൽ സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിന് ചെക്ക്പോസ്റ്റുകളിലും പ്രധാന റോഡുകളിലും വ്യാപകമായ പരിശോധനകളും രഹസ്യ അന്വേഷണവും നടത്തി സ്പിരിറ്റ് കള്ളക്കടത്ത് തടയുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അനധികൃതമായി കടത്തിക്കൊണ്ടുവന്ന 120046.90 ലിറ്റർ പിടിച്ചെടുത്തിട്ടുണ്ട്. 77 കേസുകൾ രജിസ്റ്റർ ചെയ്തു. 35 വാഹനങ്ങൾ കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇതു സംബന്ധിച്ച കേസ് പോലീസ് വകുപ്പ് ആണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. വിശദാംശം ശേഖരിച്ചു വരുന്നു.

(എഫ്) 648 കേസുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഒരാളെ ശിക്ഷിച്ചിട്ടുണ്ട്. ബാക്കി കേസുകൾ കോടതിയുടെ പരിഗണനയിലാണ്. പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

49 [228] *ശ്രീ. കെ. ബി. ഗണേഷ്കുമാർ:*
,, *ഷിബു ബേബിജോൺ:*
,, *ടി. എം. ജേക്കബ്:*
,, *ജോണി നെല്ലൂർ:*
,, *ആർ. ബാലകൃഷ്ണപിള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ (എം.വി.ഐ.പി.) നിർമ്മാണ പ്രവർത്തനങ്ങൾ ഏത് വർഷമാണ് ആരംഭിച്ചത്;

(ബി) 1991 വരെ എത്ര കിലോമീറ്റർ മെയിൻ കനാലും ബ്രാഞ്ച് കനാലുകളും മൈനർ ഡിസ്ട്രിബ്യൂട്ടറീസും തീർന്നു;

(സി) 1991-നു ശേഷം എത്ര കിലോമീറ്റർ മെയിൻ കനാലും ബ്രാഞ്ച് കനാലുകളും മൈനർ ഡിസ്ട്രിബ്യൂട്ടറീസും തീർന്നു;

(ഡി) എന്നാണ് ഈ പ്രോജക്ട് പാർഷ്യൽ കമ്മീഷൻ നടത്തിയത്;

(ഇ) 2004 ആഗസ്റ്റ് മാസം വരെ പ്രോജക്ടിൽ ഏതെല്ലാം കനാലുകളിൽ കൂടി വെള്ളം നൽകിയിട്ടുണ്ട്;

(എഫ്) ഡാമിന്റെ നിർമ്മാണം ഏത് വർഷമാണ് പൂർത്തിയാക്കിയത്;

(ജി) ഇനി പണികൾ തീരാനുള്ള കനാലുകൾ ഏതെല്ലാം; എത്ര കിലോമീറ്റർ കൂടി ഇനി തീരാനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) കോട്ടയം ജില്ലയിലെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിക്ക് നൽകിയ കരാർ റദ്ദാക്കിയിട്ടുണ്ടോ; കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവൃത്തിക്ക് ആന്റണി സർക്കാരിന്റെ കാലത്ത് പ്രിൻസിപ്പൽ സെക്രട്ടറിയോ മന്ത്രിയോ അനുമതി നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) 1974-ൽ

(ബി) 1. മെയിൻ കനാൽ .. 22 കി. മീ.
2. ബ്രാഞ്ച് കനാൽ .. 2 കി. മീ.
3. ഡിസ്ട്രിബ്യൂട്ടറീസ് .. ഇല്ല.

(സി) 1. മെയിൻ കനാൽ .. 40.642 കി. മീ.
2. ബ്രാഞ്ച് കനാൽ .. 38.218 കി. മീ.
3. ഡിസ്ട്രിബ്യൂട്ടറീസ് .. 126.641 കി. മീ.

(ഡി) 11/1994-ൽ

(ഇ) ഇടതുകര കനാൽ മുഴുവനും വലതുകര കനാൽ 14 കി.മീ., ബ്രാഞ്ച് കനാൽ 20.79 കി. മീ. ഡിസ്ട്രിബ്യൂട്ടറി 37.90 കി. മീ. വരെയും വെള്ളം നൽകിയിട്ടുണ്ട്.

(എഫ്) 1994-ൽ

(ജി) 1. വലതുകര മെയിൻ കനാൽ .. 2.795 കി. മീ.
2. ബ്രാഞ്ച് കനാലുകൾ .. 16.938 കി. മീ.
3. ഡിസ്ട്രിബ്യൂട്ടറി .. 114.241 കി. മീ.

(എച്ച്) കരാർ റദ്ദാക്കിയിട്ടുണ്ട്. കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുമായി ബന്ധപ്പെട്ട ഒരു പ്രവൃത്തിക്കും അനുമതി നൽകിയിട്ടില്ല.

എം. വി. ഐ. പി-ന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാൽ നിർമ്മാണത്തിന്റെ കരാർ റദ്ദാക്കാനുള്ള തീരുമാനം

50 [229] *ശ്രീ. സ്റ്റീഫൻ ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. വി. ഐ. പി.-ന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാൽ നിർമ്മാണത്തിന്റെ കരാർ റദ്ദാക്കാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കടുത്ത കുടിവെള്ള ക്ഷാമവും കാർഷിക ജല ദൗർലഭ്യവും അനുഭവപ്പെടുന്ന ഈ പ്രദേശത്തുകൂടി പുതുതായി കനാൽ നിർമ്മിക്കുമോ;

GPM. 2/359/2012.—12

LIBRARY ARCHIVES Kerala Legislative Assembly